

വീട്

എ.എം. ഫൗസൽ

# സോഫ്റ്റ് ഫർണിഷിംഗ്

**വീടിന്റെ ഏതൊരു ഭാഗവുമാവട്ടെ, അതിന്റെ ആവശ്യതക കണക്കിലെടുത്ത്, ഇന്റീരിയർ കളർ തീമിനോടു യോജിച്ച് തികച്ചും ഫങ്ഷണൽ ആയി തന്നെയാണ് സോഫ്റ്റ് ഫർണിഷിംഗ് തെരഞ്ഞെടുക്കേണ്ടത്. അകത്തളങ്ങളുടെ മാറ്റ് കൂട്ടുന്നതിൽ ഇവയുടെ പങ്ക് ഒട്ടും ചെറുതല്ല.**

വീടിന് നാം ആഗ്രഹിക്കുന്ന തരത്തിലുള്ള ആകർഷണം ലഭിക്കുന്നത് അവസാന മിനുക്കു പണികളിലാണ്. എല്ലാ ചേരുവകളും അനുയോജ്യമായി വരുമ്പോഴാണ് വീടിന്റെ അകത്തളവും രുചികരമാവുന്നത്. പറഞ്ഞുവരുന്നത് സോഫ്റ്റ് ഫർണീച്ചറിനെക്കുറിച്ചുതന്നെയാണ്. കൃത്യമായ വീക്ഷണത്തോടെയുള്ള ഇന്റീരിയർ സോഫ്റ്റ് ഫർണിഷിങ് അറേഞ്ച്മെന്റിന് വളരെയധികം പ്രാധാന്യമുണ്ട്. ഹോം ഡിസൈനിംഗിൽ, വൈവിധ്യം നിറഞ്ഞ നമ്മുടെ വേഷവിതാനം എത്രത്തോളം നമ്മുടെ സൗന്ദര്യത്തെ സ്വാധീനിക്കുന്നുവോ അതുപോലെത്തന്നെയാണ് സോഫ്റ്റ് ഫർണിച്ചറിന്റെ കാര്യത്തിലും. ചലിക്കാവുന്ന ഗണങ്ങൾ ആണ് സോഫ്റ്റ് ഫർണിച്ചറിലും ഉപയോഗിക്കുന്നത് എന്നതും അതിന്റെ വിവിധ സാധ്യതകളെയും പ്രാധാന്യത്തെയും സൂചിപ്പിക്കുന്നു.

വീടിന്റെ ഇന്റീരിയർ കോൺസെപ്റ്റിനനുസരിച്ചുള്ള മെറ്റീരിയൽസ് തെരഞ്ഞെടുക്കുക, ഇന്റീരിയൽ കളർതീമിനോടു യോജിക്കുന്ന രീതിയിലുള്ള ഘടകങ്ങൾ സംവിധാനിക്കുക എന്നത് തന്നെയാണ് ഇതിൽ ഏറ്റവും പ്രാധാന്യം. വളരെ കുറച്ചുള്ള ഏരിയകളിൽ ഇരുണ്ട മെറ്റീരിയൽസും വിസ്താരമുള്ള ഏരിയകളിൽ ലൈറ്റ് മെറ്റീരിയൽസുമാണ് സോഫ്റ്റ് ഫർണിഷിംഗിന് ഉചിതം. നിറത്തിലുള്ള കർട്ടനുകൾ, ത്രോ പില്ലോസ്. കാർപറ്റ്സ്, ഷോ പീസസ്, ചിത്രങ്ങൾ, വാൾ പേപ്പറുകൾ എന്നിവയാണ് സാധാരണ രീതിയിൽ ഉപയോഗിച്ചുവരുന്നത്. സോഫ്റ്റ് ഫർണിച്ചറുകൾ കൂടാതെ വാഷിംഗ് ടവ്വൽ, കിച്ചൺ കൗണ്ടർ ടോപ്പ്, ക്ലീനിംഗ് മെറ്റീരിയൽസ്, ടേബിൾ റണ്ണേഴ്സ് തുടങ്ങിയവ തെരഞ്ഞെടുക്കുമ്പോഴും അവ ഇന്റീരിയൽ കളർ തീമിനോട് യോജിച്ചതാണോ എന്നും ശ്രദ്ധിക്കേണ്ടതുണ്ട്. ഉപയോഗിക്കാനുള്ള ടിഷ്യു പേപ്പർ വാങ്ങിക്കുമ്പോൾ പോലും ഇത് ശ്രദ്ധിച്ചാൽ ഇന്റീരിയറിന് ഭംഗി കൂടും. അതായത്, എത്ര ചെറിയ ഘടകങ്ങളാണെങ്കിലും വീടിന്റെ അകത്തളങ്ങളുടെ ഭംഗി വർദ്ധിപ്പിക്കുന്നതിൽ സ്വാധീനിക്കാവുന്നതാണ്.

ഓരോ ഭാഗങ്ങളിലും ആവശ്യകത കണക്കിലെടുത്തുതന്നെയാണ് സോഫ്റ്റ് ഫർണീച്ചറുകൾ ക്രമീകരിക്കേണ്ടത്. ആവശ്യങ്ങൾക്കതീതമായ രീതിയിൽ ഫങ്ഷണലല്ലാത്ത രീതിയിലുള്ള സോഫ്റ്റ് ഫർണിച്ചറുകളുടെ അറേഞ്ച്മെന്റ് സ്വസ്ഥമായ ഇടപെടലുകൾക്ക് തടസ്സമായും വന്നേക്കാം. ഉദാഹരണത്തിന് ലിവിങ് റൂം സോഫ്റ്റ് ഫർണിഷിംഗ് ചെയ്യുവാൻ ലിവിങ്ങിന്റെ നിലത്തുപയോഗിക്കുന്ന ടൈലുകൾ, പെയിന്റ്, ഫർണിച്ചർ എന്നിവയുടെ കളർ തീമിനോട് മാച്ച് ആവുന്ന തരത്തിലുള്ള കുഷ്യൻസ്, തലയണകൾ, കർട്ടണുകൾ എന്നിവ തന്നെയാണ് ഉപയോഗിക്കേണ്ടത്. Wooden blinds, PVC blinds, Roller blinds, Roman blinds, Metalic blinds എന്നിങ്ങനെ തുടങ്ങി വിവിധ കളക്ഷനുകൾ കർട്ടനുകളിൽ ലഭ്യമാണ് ഇന്ന്. ആവശ്യപ്രകാരം കസ്റ്റമൈസ്ഡ് ആയി വ്യത്യസ്ത രീതികളിൽ കർട്ടണുകൾ ഉപയോഗിച്ചുവരുന്നുണ്ട്.

സോഫ്റ്റ് ഫർണിഷിംഗിലെ മറ്റൊരു പ്രധാന എലിമെന്റ് ആണ് വാൾ പിക്ചറുകൾ. ഓരോ ഏരിയയുടെ പ്രത്യേകതകൾക്കനുസരിച്ചുള്ള യോജിക്കാവുന്ന വാൾ പിക്ചറുകൾ ആണ് ഉപയോഗിക്കേണ്ടത്. ഒരു ഡക്കറേറ്റീവ് എലിമെന്റ് എന്നതിലപ്പുറം നമ്മുടെ ചിന്തകളെയും മനസ്സിനെയും ഉദ്ദീപിപ്പിക്കാൻ കഴിയുന്ന തീമിൽ വാൾ പേപ്പറുകൾ അറേഞ്ച് ചെയ്യാവുന്നതാണ്.





കുട്ടികളുടെ അഭിരുചിക്കനുസരിച്ചുള്ള സോഫ്റ്റ് ഫർണിഷിംഗ് മെറ്റീരിയൽസ് ഇന്ന് മാർക്കറ്റുകളിൽ ലഭ്യമാണ്. അവരുടെ മനസ്സിന് പോസിറ്റീവ് എനർജി കിട്ടുന്ന തരത്തിലാവണം അവ സംവിധാനിക്കേണ്ടത്. ചെലവ് കൂടിയതും കുറഞ്ഞതുമായ വിവിധ ടെക്സ്റ്റുകളിൽ ആവശ്യപ്രകാരം ഇന്റീരിയൽ തീമിനോട് യോജിക്കാവുന്ന രീതിയിൽ ചെയ്തുവരുന്നുണ്ട് ഇവ.

ചുരുക്കത്തിൽ വീടിന്റെ ഏതൊരു ഭാഗവുമാവട്ടെ, അതിന്റെ ആവശ്യതക കണക്കിലെടുത്ത്, ഇന്റീരിയർ കളർ തീമിനോടു യോജിച്ച് തികച്ചും ഫങ്ഷണൽ ആയി തന്നെയാണ് സോഫ്റ്റ് ഫർണിഷിംഗ് തെരഞ്ഞെടുക്കേണ്ടത്. അകത്തളങ്ങളുടെ മാറ്റ് കൂട്ടുന്നതിൽ ഇവയുടെ പങ്ക് ഒട്ടും ചെറുതല്ല.

(ലേഖകൻ, മഞ്ചേരിയിലെ
നിർമാൺ ഡിസൈനേഴ്സ് ഡയറക്ടറാണ്.)
email: admin@nirmandesign.com

